**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 655** **08-10-2024 - ൽ മറുപടിയ്ക്ക്**

**കരിന്തളം-വയനാട് 400 കെ.വി. ലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കരിന്തളം-വയനാട് 400 കെ.വി. ലൈൻ കടന്നു പോകുന്ന പ്രദേശങ്ങളിലെ ഭൂവുടമകൾക്കും കർഷകർക്കും നഷ്ടപരിഹാരം നല്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കരിന്തളം വയനാട് 400 കെ.വി ലൈൻ നിർമ്മാണത്തിനായി പുഗലൂർ-തൃശ്ശൂർ ലൈനിന്റെതു പോലുള്ള പ്രത്യേക നഷ്ടപരിഹാര പാക്കേജ് നൽകണമെന്ന ആവശ്യം ആണ് പ്രാരംഭത്തിൽ ഭൂവുടമകൾ മുന്നോട്ട് വച്ചത്. പ്രത്യേക നഷ്ട പരിഹാര പാക്കേജിൽ സർക്കാരിന്റെ തീരുമാനം ഉണ്ടാകുന്നതുവരെ ഒരു ഇടക്കാല നടപടി എന്ന രീതിയിൽ ടവർ സ്ഥാപിക്കുന്ന സ്ഥലത്തിന് ഭൂമിയുടെ ന്യായവിലയുടെ രണ്ടിരട്ടിയുടെ 85 ശതമാനവും ലൈൻ കടന്നു പോകുന്ന ഇടനാഴിക്ക് ഭൂമിയുടെ ന്യായവിലയുടെ രണ്ടിരട്ടിയുടെ 15 ശതമാനവും നഷ്ടപരിഹാരമായി നൽകാമെന്നുള്ള തീരുമാനം 11.12.2023 ലെ ഉത്തരവ് പ്രകാരം KSEBL കൈക്കൊണ്ടു. കേന്ദ്രസർക്കാരിന്റെ നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾ പ്രകാരം കണക്കാക്കുന്ന തുകയുടെ ഇരട്ടിയാണ് ഇത്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇത് വരെ 75 ഭൂവുടമകൾക്ക് 1.26 കോടി രൂപയോളം നഷ്ടപരിഹാരം ആയി നൽകിയിട്ടുണ്ട്. എന്നാൽ നഷ്ടപരിഹാര തുകയുടെ അപര്യാപ്തത ചൂണ്ടിക്കാട്ടി ഭൂവുടമകൾ പദ്ധതിക്കെതിരെ എതിർപ്പ് തുടർന്നതിനാൽ വൈദ്യുതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തുടർ ചർച്ചകൾ ഉണ്ടാവുകയും ഇത്തരത്തിൽ 07.05.2024-ൽ വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനപ്രകാരം, ഉഡുപ്പി-കാസർകോട് ലൈനിന്റെ കർണാടക ഭാഗത്ത് നഷ്ടപരിഹാരം നൽകുന്നതിനായി മംഗലാപുരം ജില്ലാകളക്ടർ 30.12.2022-ൽ പ്രഖ്യാപിച്ച ഉത്തരവിന്റെ മാതൃകയിൽ കാസർഗോഡ്-വയനാട് ലൈനിന്റെ നഷ്ടപരിഹാരം താഴെ പറയുന്ന രീതിയിൽ നൽകുന്നതിനുള്ള തീരുമാനം KSEBL 30.07.2024-ലെ ഉത്തരവ് പ്രകാരം കൈക്കൊണ്ടു:- |

| | | | |
|---|---|---|---|
| | | | a) ടവർ ഇരിക്കുന്ന സ്ഥലത്തിന് നഷ്ടപരിഹാരമായി റൂറൽ പ്രദേശത്ത് ഭൂമിയുടെ ന്യായവിലയുടെ (ഏറ്റവും പുതിയ) നാലിരട്ടിയുടെ 85%-വും അർബൻ പ്രദേശത്ത് ഭൂമിയുടെ ന്യായവിലയുടെ മൂന്നിരട്ടിയുടെ 85%-വും അല്ലെങ്കിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിലെ ശരാശരി സ്റ്റാമ്പ് മൂല്യം/ ഇടപാട് മൂല്യത്തിന്റെ 85% -ഇതിലേതാണോ കൂടുതൽ അത്.<br><br>b) ലൈൻ വലിക്കുന്ന ഇടനാഴിക്കുള്ള നഷ്ടപരിഹാരമായി ഭൂമിയുടെ ന്യായവിലയുടെ (ഏറ്റവും പുതിയ) ഇരട്ടിയുടെ 15% അല്ലെങ്കിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിലെ ശരാശരി സ്റ്റാമ്പ് മൂല്യം ഇടപാട് മൂല്യത്തിന്റെ 15%- ഇതിലേതാണോ കൂടുതൽ അത്.<br><br>പ്രസ്തുത പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ജനപ്രതിനിധികളുമായും കർമ്മസമിതി പ്രവർത്തകരുമായും കണ്ണൂർ ജില്ലാ കളക്ടർ 03.09.2024-ന് വിളിച്ച യോഗത്തിലും സമവായമുണ്ടായില്ല. തുടർന്ന് വൈദ്യുതി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കണ്ണൂർ ജില്ലയിലെ ജനപ്രതിനിധികൾ, സ്ഥലം ഉടമകൾ, ഉദ്യോഗസ്ഥർ എന്നിവർ 18.09.2024ന് യോഗം ചേർന്നു. ടി യോഗത്തിൽ ടവ്വർ നിൽക്കുന്ന സ്ഥലത്തിന് ഒരു സെന്റിന് ഒരു ലക്ഷം രൂപയും ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിൽ ഒരു സെന്റിന് 50,000/- രൂപയും നഷ്ടപരിഹാരമായി നൽകണം എന്ന ആവശ്യം ഉന്നയിച്ചു. കൂടുതൽ നഷ്ടപരിഹാരം നൽകുമ്പോഴുള്ള സാമ്പത്തിക ബാധ്യത കണക്കാക്കേണ്ടതുണ്ടെന്നും ഇതിനായി ലൈൻ കടന്നു പോകുന്ന സ്ഥലത്തിന്റെ വിവരങ്ങൾ പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് എത്രയും പെട്ടെന്ന് കെ.എസ്.ഇ.ബി.എൽ.-ന് നൽകണമെന്നും കെ.എസ്.ഇ.ബി.എൽ .ഒരു പാക്കേജ് തയ്യാറാക്കി സമർപ്പിക്കണമെന്നും പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അതനുസരിച്ചുള്ള വിവരശേഖരണം ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു |
| (ബി) | പ്രസ്തുത നഷ്ടപരിഹാരം നല്കുന്നതിനായി പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ബി) | കരിന്തളം വയനാട് 400 കെ.വി ലൈൻ നിർമ്മാണത്തിനായി പുഗലൂർ-തൃശ്ശൂർ ലൈനിന്റേതു പോലുള്ള പ്രത്യേക നഷ്ടപരിഹാര പാക്കേജ് നൽകണമെന്ന ആവശ്യം ആണ് പ്രാരംഭത്തിൽ ഭൂവുടമകൾ മുന്നോട്ട് വച്ചത്. പ്രത്യേക നഷ്ട പരിഹാര പാക്കേജിൽ സർക്കാരിന്റെ തീരുമാനം ഉണ്ടാകുന്നതുവരെ ഒരു ഇടക്കാല നടപടി എന്ന രീതിയിൽ ടവർ സ്ഥാപിക്കുന്ന സ്ഥലത്തിന് ഭൂമിയുടെ ന്യായവിലയുടെ രണ്ടിരട്ടിയുടെ 85 ശതമാനവും |

ലൈൻ കടന്നു പോകുന്ന ഇടനാഴിക്ക് ഭൂമിയുടെ ന്യായവിലയുടെ രണ്ടിരട്ടിയുടെ 15 ശതമാനവും നഷ്ടപരിഹാരമായി നൽകാമെന്നുള്ള തീരുമാനം 11.12.2023 ലെ ഉത്തരവ് പ്രകാരം KSEBL കൈക്കൊണ്ടു. കേന്ദ്രസർക്കാരിന്റെ നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾ പ്രകാരം കണക്കാക്കുന്ന തുകയുടെ ഇരട്ടിയാണ് ഇത്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇത് വരെ 75 ഭൂവുടമകൾക്ക് 1.26 കോടി രൂപയോളം നഷ്ടപരിഹാരം ആയി നൽകിയിട്ടുണ്ട്. എന്നാൽ നഷ്ടപരിഹാര തുകയുടെ അപര്യാപ്തത ചൂണ്ടിക്കാട്ടി ഭൂവുടമകൾ പദ്ധതിക്കെതിരെ എതിർപ്പ് തുടർന്നതിനാൽ വൈദ്യുതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തുടർ ചർച്ചകൾ ഉണ്ടാവുകയും ഇത്തരത്തിൽ 07.05.2024-ൽ വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനപ്രകാരം, ഉഡുപ്പി-കാസർകോട് ലൈനിന്റെ കർണാടക ഭാഗത്ത് നഷ്ടപരിഹാരം നൽകുന്നതിനായി മംഗലാപുരം ജില്ലാകളക്ടർ 30.12.2022-ൽ പ്രഖ്യാപിച്ച ഉത്തരവിന്റെ മാതൃകയിൽ കാസർഗോഡ്-വയനാട് ലൈനിന്റെ നഷ്ടപരിഹാരം താഴെ പറയുന്ന രീതിയിൽ നൽകുന്നതിനുള്ള തീരുമാനം KSEBL 30.07.2024-ലെ ഉത്തരവ് പ്രകാരം കൈക്കൊണ്ടു:-

a) ടവർ ഇരിക്കുന്ന സ്ഥലത്തിന് നഷ്ടപരിഹാരമായി റൂറൽ പ്രദേശത്ത് ഭൂമിയുടെ ന്യായവിലയുടെ (ഏറ്റവും പുതിയ) നാലിരട്ടിയുടെ 85%-വും അർബൻ പ്രദേശത്ത് ഭൂമിയുടെ ന്യായവിലയുടെ മൂന്നിരട്ടിയുടെ 85%-വും അല്ലെങ്കിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിലെ ശരാശരി സ്റ്റാമ്പ് മൂല്യം/ ഇടപാട് മൂല്യത്തിന്റെ 85% -ഇതിലേതാണോ കൂടുതൽ അത്.

b) ലൈൻ വലിക്കുന്ന ഇടനാഴിക്കുള്ള നഷ്ടപരിഹാരമായി ഭൂമിയുടെ ന്യായവിലയുടെ (ഏറ്റവും പുതിയ) ഇരട്ടിയുടെ 15% അല്ലെങ്കിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിലെ ശരാശരി സ്റ്റാമ്പ് മൂല്യം ഇടപാട് മൂല്യത്തിന്റെ 15%- ഇതിലേതാണോ കൂടുതൽ അത്.

പ്രസ്തുത പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ജനപ്രതിനിധികളുമായും കർമ്മസമിതി പ്രവർത്തകരുമായും കണ്ണൂർ ജില്ലാ കളക്ടർ 03.09.2024-ന് വിളിച്ച യോഗത്തിലും സമവായമുണ്ടായില്ല. തുടർന്ന് വൈദ്യുതി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കണ്ണൂർ ജില്ലയിലെ ജനപ്രതിനിധികൾ, സ്ഥലം ഉടമകൾ, ഉദ്യോഗസ്ഥർ എന്നിവർ 18.09.2024ന് യോഗം ചേർന്നു. ടി

| | | | |
|---|---|---|---|
| | | | യോഗത്തിൽ ടവ്വർ നിൽക്കുന്ന സ്ഥലത്തിന് ഒരു സെന്റിന് ഒരു ലക്ഷം രൂപയും ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിൽ ഒരു സെന്റിന് 50,000/- രൂപയും നഷ്ടപരിഹാരമായി നൽകണം എന്ന ആവശ്യം ഉന്നയിച്ചു. കൂടുതൽ നഷ്ടപരിഹാരം നൽകുമ്പോഴുള്ള സാമ്പത്തിക ബാധ്യത കണക്കാക്കേണ്ടതുണ്ടെന്നും ഇതിനായി ലൈൻ കടന്നു പോകുന്ന സ്ഥലത്തിന്റെ വിവരങ്ങൾ പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് എത്രയും പെട്ടെന്ന് കെ.എസ്.ഇ.ബി.എൽ.-ന് നൽകണമെന്നും കെ.എസ്.ഇ.ബി.എൽ .ഒരു പാക്കേജ് തയ്യാറാക്കി സമർപ്പിക്കണമെന്നും പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അതനുസരിച്ചുള്ള വിവരശേഖരണം ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ